# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 298 — 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | അട്ടപ്പാടിയിൽ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെട്ട 30-ലേറെ നവജാതശിശുക്കൾ മരണമടഞ്ഞ സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | എ) | ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിൽ ഒഴിവുണ്ടായിരുന്ന ഗൈനക്കോളജിസ്റ്റടക്കം ഡോക്ടർമാരുടെ തസ്തികകളും പാരാമെഡിക്കൽ സ്റ്റാഫിന്റെ ഒഴിവുകളും നികത്തുകയും അധികമായി ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. സാമൂഹ്യ നീതി വകുപ്പിൽ ഒഴിവുണ്ടായിരുന്ന ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസർ മാരുടെയും അഞ്ച് സൂപ്പർവൈസർമാരുടെയും തസ്തികയിൽ നിയമനം നടത്തി. അംഗൻവാടികൾ മുഖേനയുള്ള പൂരക പോഷകാഹാര വിതരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എസ്.റ്റി. പ്രൊമോട്ടർമാരെ ഊരുകളിൽ വിന്യസിച്ച് ഫീൽഡ് തല സർവ്വെ നടത്തി രോഗമുള്ള പട്ടികവർഗ്ഗക്കാരെ വിദഗ്ധ ചികിത്സയ്ക്ക് ആശുപത്രിയിൽ എത്തിച്ചു. എല്ലാ കുടുംബങ്ങൾക്കും 10 കിലോ വീതം അരി, 2 കിലോ വീതം പയർ നൽകി. അടുത്ത നാലു മാസത്തേക്ക് പ്രതിമാസം 10 കിലോ വീതം റാഗി 2 കിലോ വീതം ചെറുപയർ/കടല/തുവര നൽകുന്നതിന് നടപടി സ്വീകരിച്ചു. അട്ടപ്പാടിയിൽ വിവിധ വകുപ്പുകളുടെ പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ, ഐ.എ.എസ്. (റിട്ട.) നെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | ഇപ്രകാരം സംഭവിയ്ക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി | ആരോഗ്യം, പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ അട്ടപ്പാടിയിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും സന്ദർശിച്ച് ആരോഗ്യ സർവ്വെ നടത്തുകയും, പോഷകാഹാരക്കുറവ്, അനീമിയ തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ട രോഗികളെ ആശുപത്രിയിൽ എത്തിച്ച് പ്രത്യേകം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വിദഗ്ധരായ ഡോക്ടർമാർ പരിശോധിച്ച് ആവശ്യമായ ചികിത്സ ലഭ്യമാക്കി വരുന്നു. അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങളിലും വിശദമായ ആരോഗ്യ സർവ്വെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് മുഖേന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പും സാമൂഹ്യ നീതി വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു ആരോഗ്യ സർവ്വെ നടത്താനും തീരുമാനിച്ചിട്ടുണ്ട്. |
| സി | ഭാവിയിൽ ഇത്തരം ദുരന്തം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി | വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനും, സന്നിദ്ധഘട്ടങ്ങളിൽ സമയോചിതമായ ഇടപെടലുകൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസവും, മെഡിക്കൽ ക്യാമ്പും നടത്തി ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി ഉൾപ്പെടെ അഭി വൃദ്ധിപ്പെടുത്തി സാമ്പത്തിക ഉന്നമനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ഡി | പ്രസ്തുത ദുരന്തം ഏതെങ്കിലും സർക്കാർ സംവിധാനത്തിന്റെ വീഴ്ചയോ പരാജയമോ ആയി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഡി | ഇല്ല |
| ഇ | അപ്രകാരം വീഴ്ച വരുത്തിയ വർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | ഇ | ബാധകമല്ല. |

സെക്ഷൻ ഓഫീസർ